**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1295** **07-02-2023 - ൽ മറുപടിയ്ക്ക്**

**ശ്രീകാര്യം മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശ്രീകാര്യം മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് കൊച്ചി മെട്രോ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | 11.01.2023-ലെ സ.ഉ.(കൈ)നം.03/2023/ പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-നെ നിയോഗിച്ചിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലം നിർമ്മിക്കുന്നതിന് കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL)-ന് ഭരണാനുമതി നൽകിയിട്ടുള്ളതും, KIIFB ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുള്ളതുമാണ്.<br><br>തുടർ പ്രവർത്തനങ്ങൾക്കായി പുതിയ SPV ആയ KMRL സാമ്പത്തിക അനുമതിക്കായി KIIFB-യെ സമീപിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പ്, KIIFB, KMRL എന്നിവർ തമ്മിലുള്ള Tripartite Agreement-ന്റെ കരട് KIIFB മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിനുള്ള ടെണ്ടർ എന്ന് വിളിക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ; | (ബി) | KIIFB-യിൽ നിന്നും സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് 10 ദിവസത്തിനുള്ളിൽ ടെണ്ടർ പ്രസിദ്ധപ്പെടുത്താവുന്നതും തുടർന്ന് മെയ് മാസത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതുമാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ; | (സി) | KIIFB-യിൽ നിന്നും സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് 10 ദിവസത്തിനുള്ളിൽ ടെണ്ടർ പ്രസിദ്ധപ്പെടുത്താവുന്നതും തുടർന്ന് മെയ് മാസത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതുമാണ്. |
| (ഡി) | നിലവിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | നിലവിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നും ഇല്ല. |
| (ഇ) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് മാറ്റി | (ഇ) | യൂട്ടിലിറ്റി സർവ്വീസുകൾ മാറ്റി സ്ഥാപിക്കുന്നതുമായി |

| | | | |
|---|---|---|---|
| | സ്ഥാപിക്കേണ്ടതായിട്ടുള്ള യൂട്ടിലിറ്റി സർവ്വീസുകളിന്മേൽ കെ.എം.ആർ.എൽ. എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | | ബന്ധപ്പെട്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ., ബി.എസ്.എൻ.എൽ. എന്നിവിടങ്ങളിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിക്കുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അതാത് ഏജൻസിക്ക് ഡെപ്പോസിറ്റ് ചെയ്ത് ടെണ്ടർ നടപടികൾ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ